Draft #1 of File 37527/AC B6-1/2020/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 21-Aug-2020 03:32 PM - Page 1

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ബിരുദ ഏകജാലക പ്രവേശനം - 2020-21 - അഫിലിയേറ്റഡ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ നടത്തപ്പെടുന്ന ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 07.08.2020 തീയതിയിൽ കൂടിയ യോഗത്തിന്റെ ശിപാർശകൾ അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് ബി 6 സെക്ഷൻ**

നമ്പർ. 3802/AC B 6/2020/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 24.08.2020

---

*പരാമർശം:-*ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 07.08.2020 തീയതിയിൽ കൂടിയ യോഗത്തിന്റെ നടപടിക്കുറിപ്പ്.

**ഉത്തരവ്**

ബിരുദ/ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്കുള്ള കേന്ദ്രീകൃത പ്രവേശന സംവിധാനത്തിന്റെ മേൽനോട്ട സമിതിയുടെ 07.08.2020 തീയതിയിൽ കൂടിയ യോഗത്തിൽ 2020-21 അദ്ധ്യയന വർഷത്തെ പ്രവേശനം സംബന്ധിച്ച് വിശദമായി ചർച്ച ചെയ്യുകയും, മേൽ പരാമർശ പ്രകാരം , താഴെപ്പറയുന്നവ ശിപാർശകൾ ചെയ്യുകയുംകയും ചെയ്തു.

1. കമ്മ്യൂണിറ്റി ക്വാട്ടായിലേക്കുള്ള പ്രവേശനത്തിനായി റാങ്ക് ലിസ്റ്റ് സർവ്വകലാശാല പ്രസിദ്ധീകരിക്കുന്നതിനാൽ മറ്റ് സർവ്വകലാശാലകൾ നിഷ്കർഷിക്കുന്ന പോലെ ടി ക്വാട്ടായിലേക്ക് അപേക്ഷിക്കുന്നവരുടെ റവന്യൂ അധികാരി/വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന ജാതി സാക്ഷ്യപത്രം അപ്‌ലോഡ് ചെയ്യുന്നതിനായി നിഷ്കർഷിക്കുന്നത് ടി ക്വാട്ടായിലേക്കുള്ള പ്രവേശന ക്രമക്കേടുകൾ ഒഴിവാക്കുന്നതിനു സഹായിക്കുമെങ്കിലും നിലവിലെ സാഹചര്യത്തിൽ ഇത് വിദ്യാർത്ഥികൾക്ക് ബുദ്ധിമുട്ടുണ്ടാക്കും എന്നതിനാൽ എസ് എസ് എൽ സി സർട്ടിഫിക്കറ്റിലെ ജാതി സംബന്ധമായ വിവരങ്ങൾ ലഭ്യമായ പേജിന്റെ ഡിജിറ്റൽ പകർപ്പ് അപ്‌ലോഡ് ചെയ്യുന്നതിനു നിഷ്കർഷിക്കുന്നതിനു ശുപാർശ ചെയ്തു. സി ബി എസ് ഇ/ ഐ സി എസ് ഇ പോലെയുള്ള ബോർഡുകളുടെ സർട്ടിഫിക്കറ്റിൽ ഇത്തരം വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ലാത്ത സാഹചര്യത്തിൽ അത്തരം അപേക്ഷകർ റവന്യൂ അധികാരി/വില്ലേജ് ഓഫീസറിൽ നിന്നും ലഭിക്കുന്ന ജാതി സാക്ഷ്യപത്രം അപ്‌ലോഡ് ചെയ്യുന്നതിനായി നിഷ്കർഷിക്കുന്നതിനും ശിപാർശ ചെയ്തു.
2. സിപാസ്സിനു കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസിൽ 2020-21 അക്കാദമിക വർഷം മുതൽ നടത്തപ്പെടുന്നതായ ഇന്റഗ്രേറ്റഡ് പ്രോഗ്രാം ഇൻ മാസ്റ്റർ ഓഫ് ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് പി ജി ക്യാപ്പിൽ ഉൾപ്പെടുത്തണമെന്നുള്ള അപേക്ഷ ബഹു. വൈസ് ചാൻസലർ ക്യാപ്പ് മോണിട്ടറിംഗ് സമിതിയുടെ പരിഗണനയ്ക്കു വയ്ക്കുന്നതിനു ഉത്തരവിട്ടിട്ടുണ്ട്. ടി പ്രോഗ്രാമിന്റെ അംഗീകൃത

റെഗുലേഷനോടൊപ്പം വിശദമായ റിപ്പോർട്ട് പി ജി ക്യാപ്പുമായി ബന്ധപ്പെട്ട് ചേരുന്ന മോണിട്ടറിംഗ് സമിതി യോഗത്തിൽ സമർപ്പിക്കുന്നതിനു ശിപാർശ ചെയ്തു.

3. അഫിലിയേറ്റഡ് കോളേജുകളിൽ നടത്തപ്പെടുന്നതായ എം എച്ച് ആർ എം പ്രോഗ്രാമിലേക്കുള്ള പ്രവേശനം പി ജി ക്യാപ്പിലൂടെ നടത്തുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനും ബന്ധപ്പെട്ട റെഗുലേഷനുകൾ ഉൾപ്പെടെ വിശദമായ പ്രൊപ്പോസൽ പി ജി ക്യാപ്പ് സംബന്ധമായ മോണിട്ടറിംഗ് സമിതി യോഗത്തിൽ സമർപ്പിക്കുന്നതിനു ഡി ആർ (2) അക്കാദമിക്കിനെ ചുമതലപ്പെടുത്തുന്നതിനു ശിപാർശ ചെയ്തു.
4. കോവിഡ് - 19 വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ അപേക്ഷകർക്ക് സ്കൂളുകളിൽ നിന്നും ടി സി ലഭിക്കാത്ത സാഹചര്യം പരിഗണിച്ച് ടി സി സ്കൂളുകളിൽ നിന്നും ലഭ്യമായിട്ടുള്ളവർ പ്രവേശനം എടുത്ത് 15 ദിവസത്തിനകം തപാലോ മറ്റ് മാർഗ്ഗങ്ങളോ മുഖേന ടി സി ബന്ധപ്പെട്ട കോളേജുകളിൽ എത്തിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നതിനും പ്രവേശന സമയത്ത് ടി സി ലഭിക്കാത്തവർക്ക് സർവ്വകലാശാല നിയമപ്രകാരമുള്ള ഒരു മാസത്തെ ഇളവ് നൽകുന്നതിനും ശിപാർശ ചെയ്തു.

മേൽ ശിപാർശകൾ വൈസ് ചാൻസിലർ അംഗീകരിച്ച് ഉത്തരവായതിനാൽ തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

സുരേഷ്ബാബു കെ

അസിസ്റ്റന്റ് രജിസ്ട്രാർ 4 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. വൈസ് ചാൻസിലറുടെ/പ്രൊ-വൈസ് ചാൻസിലറുടെ പി എസ്
2. രജിസ്ട്രാർ ,ഫിനാൻസ് ഓഫിസർ ,പരീക്ഷാ കൺട്രോളർ എന്നിവരുടെ പി എ മാർ
3. എല്ലാ അഫിലിയേറ്റഡ് കോളേജുകളിലേയും പ്രിൻസിപ്പൽമാർ
4. ജോയിൻറ് രജിസ്ട്രാർ I/II (ഭരണം )
5. ഡെപ്യൂട്ടി രജിസ്ട്രാർ II (അക്കാദമിക് )
6. അസിസ്റ്റൻറ് രജിസ്ട്രാർ IV (അക്കാദമിക് )
7. എസി എ 1/7/8/9/12
8. ഐ ക്യൂ എ സി / കണ്ടെന്റ് മാനേജ്മെന്റ് സെൽ
9. സ്റ്റോക്ക് ഫയൽ/ ഫയൽ കോപ്പി/ റെക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 37527/AC B6-1/2020/AC B 6 Approved by ASSISTANT REGISTRAR IV (ACADEMIC) on 21-Aug-2020 03:32 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം